# ബഹു.മുഖ്യമന്ത്രിയുടെ കോവിഡ് 19 പ്രതിദിന വാർത്താ സമ്മേളനത്തിന്റെ മിനിറ്റ്സ്

**<u>2020 മേയ് 26 വൈകുന്നേരം 3.00 മണി</u>**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

## <u>ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി, ശ്രീമതി കെ.കെ.ശൈലജ ടീച്ചർ</u>

ബഹുമാനപ്പെട്ട ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി ശ്രീമതി കെ കെ ശൈലജ ടീച്ചർ ഇന്ന് കേരളത്തിൽ 67 കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടതായി യോഗത്തെ അറിയിച്ചു. കോഴിക്കോട് ജില്ലയിൽ രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന കണ്ണൂർ സ്വദേശിനി നിര്യാതയായി. പാലക്കാട് ജില്ലയിൽ നിന്നും 29 പേർക്കും, കണ്ണൂർ ജില്ലയിൽ നിന്നും 8 പേർക്കും, കോട്ടയം ജില്ലയിൽ നിന്ന് 6 പേർക്കും, എറണാകുളം മലപ്പുറം ജില്ലകളിൽ നിന്നും 5 പേർക്ക് വീതവും, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ നിന്ന് 4 പേർക്ക് വീതവും ആലപ്പുഴ കാസർഗോഡ് ജില്ലകളിൽ നിന്ന് 3 പേർക്കുമാണ് രോഗം സ്ഥിരീകരിച്ചത്. രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 10 പേരുടെ പരിശോധനാ ഫലം നെഗറ്റീവ് ആയിട്ടുണ്ട്. നിലവിൽ 415 പേർ രോഗം സ്ഥിരീകരിച്ച് ചികിത്സയിലാണ്. അതിനുശേഷം ആരോഗ്യവകുപ്പിന്റെ രോഗ നിയന്ത്രണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ രാജൻ ഖോബ്രഗാഡെ വിശദീകരിക്കുകയുണ്ടായി

## <u>ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഡോ. രാജൻ ഖോബ്രഗാഡെ ഐഎഎസ്</u>

ഇന്ന് കേരളത്തിൽ 67 പേർക്ക് രോഗം സ്ഥിരീകരിച്ചു. ഇതുവരെ 963 പേർക്കാണ് കേരളത്തിൽ കൊവിഡ് 19 രോഗം സ്ഥിരീകരിച്ചിട്ടുള്ളത്. ഇന്ത്യയിൽ 145380 പേർക്ക് രോഗം സ്ഥിരീകരിച്ചത്. കേരളത്തിൽ നിലവിൽ 415 രോഗികളാണ് രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ളത്. 542 പേർ ഇതുവരെ രോഗവിമുക്തി നേടിയിട്ടുണ്ട്. കേരളത്തിൽ ഇതുവരെ രോഗം സ്ഥിരീകരിച്ച 6 പേർ മരണമടഞ്ഞു. അതിനുശേഷം അദ്ദേഹം കോവിഡ്19 രോഗികളുടെ ഇപ്പോഴത്തെ അവസ്ഥയെപ്പറ്റിയും, കോവിഡ് ബാധിച്ച 9 പേർ ഐസിയുവിലാണുള്ളത് എന്നുള്ള കാര്യവും യോഗത്തെ അറിയിച്ചു. പോസിറ്റീവ് കേസുകളെപ്പറ്റി വിശദമായ ഒരു അവലോകനം അദ്ദേഹം നടത്തുകയുണ്ടായി. ചെക്ക്പോസ്റ്റുകളിൽകൂടിയും, കപ്പലിലൂടെയും, വിമാനങ്ങളിലൂടെയും കേരളത്തിലെത്തിയവരുടെ കണക്കും, അതിൽ വീടുകളിലും, ഇൻസ്റ്റിറ്റ്യൂഷനുകളിലും നിരീക്ഷണത്തിലുള്ളവരുടെയും അതിൽ ഉൾപ്പെട്ടിട്ടുള്ള കുട്ടികളുടെയും, ഗർഭിണികളുടെയും കണക്കും അദ്ദേഹം വിശദീകരിച്ചു.

ലാബുകളിൽ നടത്തിയ പരിശോധനകളുടെ വിശദാംശങ്ങൾ, സാധാരണ നടത്താറുള്ള പരിശോധന, സെന്റിനൽ സർവൈയിലൻസ്, ഓഗ്മെന്റഡ് സർവൈലൻസ് ജീൻ എക്സ്പർട്ട് എന്നിവ വഴി നടത്തിയ പരിശോധന വിവരങ്ങളും അദ്ദേഹം അറിയിക്കുകയുണ്ടായി. സ്വകാര്യ ലബോറട്ടറികളിൽ നടത്തിയ പരിശോധനയുടെ വിശദാംശങ്ങൾ അദ്ദേഹം പറഞ്ഞു. മെയ് 30 മുതൽ ഗർഭിണികൾ അത്യാഹിത വിഭാഗത്തിൽപെട്ടവർ എന്നിവരെ പരിശോധിക്കുന്നതിനായി ട്രൂനാറ്റ് ടെസ്റ്റ് ആരംഭിക്കും. 18 കന്ദ്രങ്ങളിലാണ് ഇത് ആരംഭിക്കുന്നത്. 24 മണിക്കൂറിൽ 1393 സാമ്പിളുകൾ പരിശോധിച്ചതിൽ ആണ് 67 ഫലം പോസിറ്റീവ് ആയത്. 88781 പിസിആർ കിറ്റുകളും, 100112 ആർ എൻ എ എക്സ്ട്രാക്ഷൻ കിറ്റുകളും, 128450 ഡാക്രോൺ സ്വാബുകളും സ്റ്റോക്കുണ്ട് എന്ന വിവരവും അദ്ദേഹം യോഗത്തെ ധരിപ്പിച്ചു. ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റിയിൽ ചർച്ച ചെയ്ത വിവരങ്ങൾ തുടർന്ന് അദ്ദേഹം മുഖ്യമന്ത്രിയെ അറിയിച്ചു. ജയിലിൽ തടവു പുള്ളികൾ തിരികെ എത്തുമ്പോഴും, തടവു പുള്ളികളിൽ രോഗം സ്ഥിരീകരിക്കുമ്പോഴും സ്വീകരിക്കേണ്ട നടപടികളെകുറിച്ച് അദ്ദേഹം വിവരിച്ചു. സ്കൂൾ പരീക്ഷകൾ ആരംഭിച്ചതിനാൽ സ്കൂളുകൾ പ്രവർത്തിക്കുന്ന പ്രദേശങ്ങൾ കണ്ടെയ്ൻമെന്റ് സോണുകൾ ആയാൽ എടുക്കേണ്ട നടപടികളെകുറിച്ച് വ്യക്തമായ നിർദ്ദേശം വേണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ബിസിനസ്സ് ആവശ്യങ്ങൾക്കായി കേരളത്തിലേക്ക് വരുന്നവർക്കും സംസ്ഥാനത്തിനുള്ളിൽ വിമാനങ്ങളിൽ എത്തുന്നവർക്കും വേണ്ടി ഗവൺമെന്റ് വ്യക്തമായ ഒരു ഉത്തരവ് പുറപ്പെടുവിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അതിർത്തികളിൽ പോയി മദ്യം കടത്തികൊണ്ട് വരുന്നവരുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ ഉണ്ടാവണം. ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ക്വാറന്റൈൻ സെന്ററുകൾ പ്രവർത്തിക്കുന്നില്ല. ഇത് പ്രത്യേകം ശ്രദ്ധിക്കണം. ഈ ജാഗ്രത പാസ്സുകൾ, ക്യൂആർ കോഡുകൾ, നിർബന്ധമാക്കണം. അലഞ്ഞ് തിരിഞ്ഞ് നടക്കുന്നവരെ പാർപ്പിക്കുന്നതിന് സാമൂഹിക നീതി വകുപ്പ്, ദേവസ്വം വകുപ്പ്, എന്നിവരെ ചുമതലപ്പെടുത്തണം. ടാക്സി, ഓട്ടോ എന്നിവകളിൽ രണ്ട് ചേംബറുകൾ ആക്കുന്നതിനെ കുറിച്ച് ജില്ലകളിൽ നിന്ന് അഭിപ്രായങ്ങൾ വരുന്നു.

കേരളത്തിൽ ദിനംപ്രതി ചെയ്യാവുന്ന ടെസ്റ്റുകൾ എത്രയാണോ അത്രയും തന്നെ ടെസ്റ്റുകൾ ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം എന്നും സ്വന്തമായി അടഞ്ഞുകിടക്കുന്ന വീടുകളുള്ളവർ നാട്ടിലേക്കെത്തുമ്പോൾ അവരെ ആ വീടുകളിൽ തന്നെ ക്വാറന്റൈൻ ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കണം. ഇവരെ നിർബന്ധിച്ച് ഇൻസ്റ്റിറ്റ്യൂഷൻ ക്വാറന്റൈനിലേക്ക് കൊണ്ടുവരുന്ന പ്രവണത കണ്ടുവരുന്നു. തീരുമാനങ്ങൾ ഉത്തരവുകളായി പോകുന്നുണ്ടോ എന്ന് പരിശോധിക്കണം എന്നു ബഹു. മുഖ്യ മന്ത്രി അഭിപ്രായപ്പെട്ടു.

## പ്രിൻസിപ്പൽ സെക്രട്ടറി റവന്യൂ, ദുരന്തനിവാരണ അതോറിറ്റി - ഡോ. വേണു ഐ എ എസ്

നിലവിലെ സ്ഥിതിയെ കുറിച്ച് പഠനം നടത്തിയിരുന്നു. ഇതിനെകുറിച്ചുള്ള വിശദമായ പ്രസന്റേഷൻ അടുത്ത യോഗത്തിൽ നടത്താവുന്നതാണ്.

## ചീഫ് സെക്രട്ടറി, ശ്രീ. ടോം ജോസ് ഐ.എ.എസ്

ടെസ്റ്റിങ് വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ക്രൈസിസ് മാനേജ്മെന്റ് യോഗത്തിൽ തീരുമാനമെടുത്തിരുന്നു. ഒഴിഞ്ഞുകിടക്കുന്ന വീടുകൾ ക്വാറന്റൈൻ ആയി ഉപയോഗിക്കാം എന്നതിനായി ഉത്തരവ് ഇന്നുതന്നെ പുറപ്പെടുവിക്കാവുന്നതാണ്. ഇൻസ്റ്റിറ്റ്യൂഷൻ ക്വാറന്റൈനിൽ പോകുന്നവർക്ക് വേണ്ടിവന്നാൽ പെയ്ഡ് ക്വാറന്റൈനുകളുടെ സൗകര്യം ഉപയോഗിക്കാവുന്നതാണ്. ഇങ്ങനെ വരുമ്പോൾ സർക്കാരിന് അത് ഒരു ആശ്വാസമാകുകയും ചെയ്യും. രണ്ട് സംസ്ഥാനങ്ങളിൽ പ്ലാന്റേഷനുകളിലുള്ളവർക്ക് ദിനംപ്രതി രണ്ട് സംസ്ഥാനങ്ങളിലേക്കും യാത്ര ചെയ്യേണ്ടി വരും ഇങ്ങനെയുള്ളവരുടെ യാത്രാ പാസ്സുകളുടെ കാര്യത്തിൽ ഒരു തീരുമാനം ഉണ്ടാകേണ്ടതുണ്ട്. ആഭ്യന്തര വിമാന സർവ്വീസുകൾ ആരംഭിച്ച് കഴിഞ്ഞ് ബിസിനസ്സ് ആവശ്യങ്ങൾക്കായി കേരളത്തിലേക്ക് എത്തുന്നവർക്ക് താമസിക്കാനുള്ള സൗകര്യങ്ങൾ നൽകേണ്ടി വരും. ഇതിനായി ചില ഹോട്ടലുകളെങ്കിലും തുറന്ന് പ്രവർത്തിക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്. ചില പഞ്ചായത്തുകൾ ഇൻസ്റ്റിറ്റ്യൂഷൻ ക്വാറന്റൈൻ സൗകര്യം ഒരുക്കാൻ സാധിക്കുന്നില്ല. ഇങ്ങനെയുള്ള പഞ്ചായത്തുകളിൽ നിന്നുള്ളവരെ അടുത്തുള്ള പഞ്ചായത്തുകളിലെ ക്വാറന്റൈൻ സൗകര്യത്തിലേക്ക് മാറ്റാവുന്നതാണ്.

## അഡീ.ചീഫ് സെക്രട്ടറി ആഭ്യന്തരം, ഡോ. വിശ്വാസ് മേത്ത ഐ എ എസ്

9126 പേർ വിമാനമാർഗ്ഗവും 1360 പേർ കപ്പൽ മാർഗ്ഗവും മറ്റ് രാജ്യങ്ങളിൽ നിന്ന് കേരളത്തിലേക്ക് ഇതുവരെ എത്തി. ശരാശരി മറ്റ് രാജ്യങ്ങളിൽ നിന്ന് വന്നവരിൽ 1 ശതമാനം ആളുകളിലാണ് രോഗബാധ സ്ഥിരീകരിച്ചിട്ടുള്ളത്. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വന്നവരുടെ കണക്ക് നോക്കുമ്പോൾ രോഗം സ്ഥിരീകരിച്ചവരിൽ 1000 ത്തിൽ 9 പേർ മഹാരാഷ്ട്രയിൽ നിന്ന് വന്നവരും, 3 പേർ തമിഴ് നാട്ടിൽ നിന്ന് വന്നവരുമാണ്. എന്നാൽ മറ്റ് സംസ്ഥാനങ്ങളെവച്ച് നോക്കുമ്പോൾ പോസിറ്റിവിറ്റി കേരളത്തിൽ കുറവാണ്. ദിനംപ്രതി 3000 ടെസ്റ്റുകൾ നടത്തുന്നതിനായി ക്രൈസിസ് മാനേജ്മെന്റ് യോഗത്തിൽ തീരുമാനമായി. പരോളിൽ പോയി തിരിച്ച് വന്നവരെ രോഗം സ്ഥിരീകരിച്ച സാഹചര്യത്തിൽ ഇങ്ങനെയുള്ളവരിലെല്ലാവരിലും പി സി ആർ ടെസ്റ്റ് നടത്തിയതിന് ശേഷം ജയിലുകളിലേക്ക് പ്രവേശിപ്പിച്ചാൽ മതി എന്ന് ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിനായി ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായി ചർച്ച ചെയ്തിട്ടുണ്ട്.

## വിദഗ്ദ്ധ സമിതി ചെയർപേഴ്സൺ, ഡോ. ബി. ഇക്ബാൽ

ടെസ്റ്റിങ് കേരളത്തിൽ വൻ തോതിൽ വർദ്ധിപ്പിക്കേണ്ട ആവശ്യകത ഉണ്ടായിട്ടുണ്ട്. സാമൂഹിക വ്യാപനം കേരളത്തിൽ സംഭവിച്ചിട്ടില്ല എന്ന് പൂർണമായും പറയുവാൻ സാധിച്ചിട്ടില്ല. ലോക്ക്ഡൗൺ ലഘൂകരിക്കുകയും മറ്റ് സ്ഥലങ്ങളിൽ നിന്ന് ആളുകൾ കേരളത്തിലേക്ക് എത്തുവാൻ തുടങ്ങിയ സാഹചര്യത്തിൽ സാമൂഹിക വ്യാപനം സംഭവിക്കുവാനുള്ള സാധ്യത കൂടുതലാണ്. ഒറ്റപ്പെട്ട പല കേസുകളുടേയും സമ്പർക്കം കണ്ടെത്താൻ ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. അതിനാൽ സാമൂഹിക വ്യാപനം സംഭവിച്ചിട്ടുണ്ടോ എന്ന് ആശങ്കപ്പെടാതെ ഇത് ഉണ്ടായിരിക്കാൻ സാധ്യതയുണ്ട്

എന്ന അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. അതിനാൽ ടെസ്റ്റുകൾ വൻ തോതിൽ വർദ്ധിപ്പിക്കേണ്ടതാണ്. ലാബുകൾ വർദ്ധിപ്പിക്കുകയും കിറ്റുകൾ ആവശ്യത്തിന് ശേഖരണം ഉള്ളതിനാലും ടെസ്റ്റുകൾ വർദ്ധിപ്പിക്കാവുന്നതാണ്. കൂടാതെ ഡി എൻ എ എക്സ്ട്രാക്ഷൻ കിറ്റുകൾ ശ്രീ ചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഉൽപാദിപ്പിക്കാൻ തുടങ്ങിയിട്ടുണ്ട്. കൂടാതെ ഐ സി എം ആർ ടെസ്റ്റിങ്ങ് മാനദണ്ഡം ഉദാരമാക്കിയിട്ടുണ്ട്. ഇതെല്ലാം പരിഗണിച്ചുകൊണ്ട് ചില നിർദ്ദേശങ്ങൾ വിദഗ്ദ്ധ സമിതിക്ക് നൽകുവാനുണ്ട്.

1. സെന്റിനൽ സർവൈലൻസ്, ഓഗ്മെന്റഡ് സർവൈലൻസ് ഇരട്ടിയാക്കുക.
2. ടെസ്റ്റിന് വിധേയരാകുന്നവരുടെ എണ്ണം ഇരട്ടിയാക്കുക.
3. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ വരുന്ന ജലദോഷപനി ഉള്ള വൾണറബിൾ വിഭാഗത്തിൽപെട്ടവരെ മുഴുവൻ ടെസ്റ്റിന് വിധേയരാക്കുക.
4. എല്ലാ ജില്ലകളിലും ജലദോഷ പനി സർവ്വേകേന്ദ്രങ്ങൾ ആരംഭിക്കണം. ഇതിനായി മൊബൈൽ കളക്ഷൻ വാനുകൾ വേണ്ടി വരും
5. ജലദോഷം, പനി റിപ്പോർട്ട് ചെയ്യുന്നതിനായി സെൽഫ് റിപ്പോർട്ടിങ്ങ് ആപ്പ് തുടങ്ങുന്നതിനെകുറിച്ച് ആലോചിക്കാവുന്നതാണ്.

മെഡിക്കൽ കോളേജുകൾ പോസ്റ്റ് ഗ്രാജുവേറ്റുകളുടെ പരീക്ഷ നടത്തുന്നതിനെകുറിച്ച് ഡി എം ഇ യുമായി സംസാരിക്കുകയുണ്ടായി. ഈ പരീക്ഷണം നടത്തുകയാണെങ്കിൽ കോവിഡ് ചികിത്സക്കായി കൂടുതൽ വിദഗ്ദ്ധരെ ലഭ്യമാകും. പരീക്ഷ നടത്തുന്നതിന് തടസ്സമായി നിന്നിരുന്നത് എക്സ്റ്റേണൽ എക്സാമിനർ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വരേണ്ടിവരും എന്നുള്ളതായിരുന്നു. എന്നാൽ മെഡിക്കൽ കൗൺസിൽ ഇപ്പോൾ ഈ തീരുമാനം മാറ്റിയിട്ടുണ്ട്. പല കേന്ദ്രങ്ങളും കോവിഡ് ആശുപത്രികളാക്കി മാറ്റിയതിനാൽ അവിടങ്ങളിൽ ക്ലിനിക്കൽ എക്സാമിനേഷനു വേണ്ടി രോഗികളില്ല എന്ന പ്രശ്നവും ഉണ്ട്. ഇങ്ങനെയുള്ള സെന്ററുകളിൽ നിന്ന് അടുത്തുള്ള മറ്റ് സെന്ററുകളിലേക്ക് കുട്ടികളെ കൊണ്ടുപോകുകയും രോഗികളെ കിട്ടുന്നതിനായി ജില്ലാ ആശുപത്രികളിൽ നിന്ന് രോഗികളുടെ സമ്മതത്തോടു കൂടി ഇതിനായി ഉപയോഗിക്കാവുന്നതാണ്. പക്ഷെ വെളിയിൽ നിന്ന് വരുന്ന കുട്ടികൾക്ക് കർശനമായും 14 ദിവസത്തെ ക്വാറന്റൈൻ നടപ്പിലാക്കേണ്ടി വരും. ഇതെല്ലാം തന്നെ സ്വകാര്യ സ്വാശ്രയ കോളേജുകൾക്കും ബാധകമാണ്. ഇതിനായുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

## വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഡോ. കെ ഇളങ്കോവൻ ഐ എ എസ്

നിലവിൽ കേരളത്തിലേക്ക് എത്തിയവരിൽ 50 ശതമാനം ആളുകളും 5 ജില്ലകളിലായിട്ടാണ് ഉള്ളത്. തൃശ്ശൂർ എറണാകുളം മലപ്പുറം കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിലായിട്ടാണ് ഇവർ ഉള്ളത്. ഈ 5 ജില്ലകളിലും നിയന്ത്രണം ശക്തമാക്കുകയാണെങ്കിൽ രോഗവ്യാപനം ഒരു പരിധിവരെ തടയാവുന്നതാണ്.എറണാകുളം കോഴിക്കോട് വിമാനതാവളങ്ങളിലാണ് കൂടുതൽ ആളുകൾ എത്തുന്നത്. അതിനാൽ ഈ ജില്ലകളിൽ ആശുപത്രികൾ കൂടുതലായി സജ്ജമാക്കേണ്ടതുണ്ട്. രോഗലക്ഷണമുള്ളവരെ വിമാനത്താവളങ്ങളിൽ നിന്ന് നേരിട്ട് ആശുപത്രികളിലേക്ക് മാറ്റാവുന്നതാണ്.

**ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് സെക്രട്ടറി, ശ്രീ. വേണുഗോപാൽ ഐ എ എസ്**

ലീഗൽ മെട്രോളജി 144 പരിശോധനകൾ നടത്തി. 1.64 ലക്ഷം രൂപ ഫൈൻ അടപ്പിച്ചു. സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റ് 469 പരിശോധനകൾ നടത്തി. 108 കേസുകൾ രജിസ്റ്റർ ചെയ്തു. ഇതുവരെ 95 ശതമാനം റേഷൻ വിതരണം ചെയ്തു. ഡൊണേറ്റ് കിറ്റ് ക്യാമ്പെയിനിന്റെ ഭാഗമായി 37720 കിറ്റുകൾ വേണ്ട എന്ന് ഉപഭോക്താക്കൾ അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ 7726 പേർ കിറ്റുകൾ വേണമെന്ന് വീണ്ടും അറിയിച്ചിട്ടുണ്ട്. 65259 മെട്രിക് ടൺ അരി 8215 മെട്രിക് ടൺ ഗോതമ്പ് 703 കിലോ ആട്ട വിതരണം ചെയ്തു. പി എം ജി കെ വൈ ക്ക് 38301 മെട്രിക് ടൺ അരി വിതരണം ചെയ്തു. 28960 പുതിയ റേഷൻ കാർഡുകൾ ഈ മാസം നൽകിയിട്ടുണ്ട്. 433 പരാതികൾ ലഭിച്ചതിൽ 396 പരാതികൾക്ക് പരിഹാരം കണ്ടെത്തി. റേഷൻ കടകൾ മുഖേനയുള്ള പലവ്യഞ്ജന കിറ്റ് വിതരണം ഇന്നത്തോടുകൂടി അവസാനിപ്പിക്കാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. ആകെ 8729875 കാർഡുകളിൽ 8433843 കിറ്റുകൾ വിതരണം ചെയ്തു.

**മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്കു ശേഷം ബഹു. മുഖ്യമന്ത്രി അദ്ദേഹത്തിന്റെ തീരുമാനം യോഗത്തെ അറിയിച്ചു.**

1. കേരളത്തിലെ പരിശോധന നിരക്ക് കൂട്ടണം. ~~കണ്ണൂരിൽ~~ 27 ഓളം ആരോഗ്യ പ്രവർത്തകർക്കും, 3 പോലീസുകാർക്കും ഇതുവരെ രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. 19 പേർക്ക് രോഗം ഭേദമായി. എന്നാൽ ഇത്തരം മേഖലയിലുള്ളവർക്ക് രോഗം സ്ഥിരീകരിക്കുന്നത് ഈ പ്രവൃത്തി മേഖലയിലുള്ളവരെ പിന്നോട്ടടിക്കാൻ കാരണം ആകാൻ സാധ്യതയുണ്ട്. രോഗികളുമായി അടുത്തിടപഴകുന്ന ചിലയിടങ്ങളിൽ സുരക്ഷാക്രമീകരണങ്ങൾ പാലിച്ചിട്ടില്ല എന്ന വിവരം ഉണ്ട്. ഇക്ര ഹോസ്പിറ്റലിൽ സ്റ്റാഫ് നഴ്സിന് രോഗം സ്ഥിരീകരിക്കാൻ കാരണം പലപ്പോഴും പിപിഇ കിറ്റ് അടക്കമുള്ള വ്യക്തി സുരക്ഷാ ഉപകരണങ്ങൾ ഇല്ലായിരുന്നു എന്നതാണ് എന്ന വിവരം ഉണ്ട്. ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നുവെങ്കിലും ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഒഴിവാക്കാനായി ജാഗ്രത തുടർന്നു പോകേണ്ടതുണ്ട്. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ, ജില്ലാ കളക്ടർമാർ)**
2. തുടർച്ചയായി ജോലി ചെയ്യുന്ന ആരോഗ്യ വകുപ്പ്, പോലീസ് എന്നീ വിഭാഗങ്ങളിൽ ജീവനക്കാർക്ക് ഒഴിവ് നൽകുന്നത് നാം നേരത്തെ ചിന്തിച്ചിരുന്നതാണ്. അത് നൽകുന്നതിനുള്ള പ്രായോഗികത നാം ആലോചിക്കണം. പോലീസുകാരുടെ കാര്യം അതുപോലെ തന്നെയാണ്. മാനന്തവാടി സ്റ്റേഷനിൽ ഒരു തവണ പ്രവർത്തന സ്തംഭനം പോലും വരികയുണ്ടായി. ഇത്തരത്തിൽ മുന്നോട്ട് പോയാൽ ഉദ്യോഗസ്ഥർക്ക് പ്രവർത്തന സന്നദ്ധ കുറവുണ്ടാകാൻ സാധ്യതയുണ്ട്. പകുതി ആൾക്കാരെ മാത്രം വച്ച് സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്ന രീതി നല്ലതാണ്. ആർക്കെങ്കിലും രോഗം സ്ഥിരീകരിച്ചാലും സ്റ്റേഷൻ മുഴുവനായി അടച്ചു പൂട്ടേണ്ട സാഹചര്യം ഉണ്ടാവുകയില്ല. **(ചുമതല - ആരോഗ്യ, ആഭ്യന്തര വകുപ്പ്)**
3. ഏതെങ്കിലും കുറ്റവാളികൾക്ക് രോഗം സ്ഥിരീകരിച്ചാൽ അവരുമായി സമ്പർക്കം പുലർത്തിയ പോലീസുകാർക്കും, ജഡ്ജിമാരും ക്വാറന്റയിനിൽ പോകേണ്ടിവരും. സന്നദ്ധപ്രവർത്തകരെ പോലീസുകാരെയും, ആരോഗ്യ പ്രവർത്തകരെയും സഹായിക്കാനായി ഏർപ്പെടുത്താവുന്നതാണ്. അവരെ ഉപയോഗിച്ച് പല

പ്രവർത്തനങ്ങളും നിർവ്വഹിക്കാൻ സാധിക്കും. ഇതിനായി ഉത്തരവ് ആയിട്ടുണ്ട്. എന്നാൽ ഇത് പ്രാവർത്തികമാക്കാൻ നമുക്ക് പറ്റണം. **(ചുമതല - ആഭ്യന്തര വകുപ്പ്, ജില്ലാ കളക്ടർമാർ)**

4. വിവാഹം നടക്കുമ്പോൾ ഇപ്പോൾ 50 പേർക്കാണ് പങ്കെടുക്കാവുന്നത്. എന്നാൽ ആകെ 50 പേർ മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ. ഇതിന് പോലീസിന്റെ കർശന ഇടപെടൽ ആവശ്യമാണ്. **(ചുമതല - ആഭ്യന്തര വകുപ്പ്)**
5. മരണം സംഭവിച്ച വീട്ടിൽ 20 ആൾക്കാർക്ക് ചടങ്ങുകളിൽ പങ്കെടുക്കാൻ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ദിവസങ്ങളോളം ഇത്തരത്തിൽ ആളുകൾ പോയി വരുന്നത് ശ്രദ്ധയിൽപ്പെടുന്നുണ്ട്. ഇതിലും പോലീസിന്റെ കർശന ഇടപെടൽ ആവശ്യമാണ്. **(ചുമതല - ആഭ്യന്തര വകുപ്പ്)**
6. വാഹനങ്ങളിൽ വലിയതോതിൽ ആളുകൾ കയറുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രോഗം പടരുന്ന സാഹചര്യം ഇത്തരം പ്രവൃത്തികളിലൂടെ ഉണ്ടാകാനിടയുണ്ട്. ഇത്തരത്തിൽ സംഭവിച്ചാലുടൻ വാഹന ഉടമകളുടെ പെർമിറ്റ് റദ്ദാക്കുന്ന നടപടികളുമായി മുന്നോട്ടു പോകേണ്ടതാണ്. എന്നാൽ കാറിൽ കുടുംബാംഗങ്ങൾ പോകുന്നത് തടയേണ്ടതില്ല. പോലീസ് ഈ കാര്യങ്ങളിൽ ഇടപെടേണ്ടതാണ്. **(ചുമതല - ആഭ്യന്തര ഗതാഗത വകുപ്പ്)**
7. ആഭ്യന്തര വിമാന സർവീസ് ആരംഭിച്ചുകഴിഞ്ഞു. ഇതിനെ നാം എതിർക്കേണ്ടതില്ല. ട്രെയിനിൽ കേരളത്തിലേക്ക് എത്തുന്നവർക്ക് നടപ്പിലാക്കുന്നത് പോലെ ആഭ്യന്തര വിമാനങ്ങളിൽ കേരളത്തിലേക്ക് താമസിക്കാൻ വരുന്നവർക്കും ക്വാറന്റയിൻ നടപ്പിലാക്കാവുന്നതാണ്. എന്നാൽ ബിസ്സിനസ് ആവശ്യങ്ങൾക്ക് കേരളത്തിൽ കുറച്ചു ദിവസത്തേക്കായി എത്തുന്നവർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതും, അതവർ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതുമാണ്. ഇവർക്ക് ക്വാറന്റയിൻ ആവശ്യമില്ല. **(ചുമതല - പൊതുഭരണ, ആഭ്യന്തര വകുപ്പ്, നോർക്ക)**
8. കേരളത്തിൽ എത്തുന്നവർക്ക് ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റയിൻ ആവശ്യമുള്ളവർക്ക് ചെറിയ തോതിൽ തുക ഈടാക്കുന്നത് ആലോചിക്കാവുന്നതാണ്. കേസ്സുകളുടെ എണ്ണം വർദ്ധിക്കുമ്പോൾ ആലോചിക്കുന്നത് നല്ലതാണ്. സാധാരണ നിലയിലുള്ള കേന്ദ്രങ്ങൾക്ക് തുച്ഛമായ തുകയും, ഹോട്ടലുകൾക്ക് അതിനനുസരിച്ചുള്ള തുകയും ഈടാക്കാവുന്നതാണ്. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്)**
9. ബിസ്സിനസ് ആവശ്യങ്ങൾക്കായി കേരളത്തിൽ വരുന്നവരെ ട്രാക്ക് ചെയ്യാനുള്ള സംവിധാനവും അവർ തിരിച്ചു പോയാൽ പോസിറ്റീവ് ആവുകയാണെങ്കിൽ ആ വിവരം നമുക്ക് സമയബന്ധിതമായി ലഭിക്കുന്നതിനുള്ള നടപടികളും എടുക്കേണ്ടതാണ്. **(ചുമതല - ആഭ്യന്തര വകുപ്പ്)**
10. ശാരീരിക അകലവും, മാസ്കും, സാനിറ്റൈസർ ഉപയോഗവും നമുക്ക് എല്ലാവർക്കും ഉറപ്പാക്കേണ്ടതാണ്. എല്ലാവർക്കും സർക്കാർ വക രണ്ട് കോട്ടൺ മാസ്കുകൾ സൗജന്യമായി നൽകുന്നത് ആലോചിക്കണം. സ്പോൺസർമാരെ ഇതിനായി ലഭിക്കുമോ എന്ന് പരിശോധിക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഇതു നടപ്പിലാക്കാൻ പറ്റുന്നതേയുള്ളൂ. **(ചുമതല - തദ്ദേശസ്വയം ഭരണ വകുപ്പ്, വ്യവസായവകുപ്പ്)**
11. സാനിട്ടൈസറുകളുടെ ഉപയോഗത്തെ സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായം നിലനിൽക്കുന്നുണ്ട്. തുടർച്ചയായ ഉപയോഗം കൈകൾക്ക് ചില പ്രശ്നങ്ങൾ വരുത്തുന്നു എന്നാണ് അഭിപ്രായങ്ങൾ. സോപ്പ് ഉപയോഗിക്കുന്നതാണ് കൂടുതൽ ഉപയോഗപ്രദം എന്ന് നമുക്ക് പറയാവുന്നതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്)**
12. പോലീസ് ഉദ്യോഗസ്ഥരുടെയും, ആരോഗ്യ പ്രവർത്തകരുടെയും കൂടുതൽ പരിശോധനകൾ നടത്തേണ്ടതാണ്. **(ചുമതല - ആരോഗ്യ, ആഭ്യന്തര വകുപ്പ്)**

13. എംഎൽഎ മാർ ഉന്നയിച്ച പ്രശ്നങ്ങൾക്ക് സർക്കാർ നടപടി എടുക്കുന്നതാണ്. **(ചുമതല - പൊതുഭരണ വകുപ്പ്)**
14. കേന്ദ്ര റെയിൽ വകുപ്പ് മന്ത്രി ശ്രീ. പീയൂഷ് ഗോയൽ കേരളത്തെപ്പറ്റി നടത്തിയ പ്രസ്താവന നിരുത്തരവാദപരമായിപ്പോയി. ട്രെയിൻ വരുന്നത് സംബന്ധിച്ച് നാം തടസ്സം ഉന്നയിച്ചിട്ടില്ല.
15. ആശങ്കപ്പെടുത്തുന്ന മറ്റൊരു കാര്യം കോവിഡ് 19 നോടൊപ്പം പകർച്ചവ്യാധികളുടെ നിരക്കും വർദ്ധിക്കുന്നു എന്നതാണ്. കൊല്ലം, പത്തനംതിട്ട, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഇതിന്റെ നിരക്ക് വർദ്ധിക്കുന്നതായി കാണുന്നു. എലിപ്പനിയുടെ നിരക്ക് വർദ്ധിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഇതിൽ ഇടപെടേണ്ടതാണ്. **(ചുമതല – ആരോഗ്യ, തദ്ദേശസ്വയംഭരണ വകുപ്പ്)**
16. രോഗം പിടിപെട്ടയാൾ ഇന്നലെ മരണപ്പെട്ടു. അതോടൊപ്പം 6 കുടുംബാംഗങ്ങൾക്കും രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. മത്സ്യ കച്ചവടക്കാരിൽ നിന്നും രോഗം ഉണ്ടായിട്ടുണ്ടാകാം എന്നാണ് സൂചന. ഇവരോടൊപ്പം എട്ടു കുട്ടികളും താമസമുണ്ട്. ഇവരെ മാറ്റി താമസിപ്പിക്കുന്ന കാര്യം പരിശോധിക്കണം. **(ചുമതല - ആരോഗ്യ, തദ്ദേശസ്വയംഭരണ, ആഭ്യന്തര വകുപ്പ്, ജില്ലാ കളക്ടർമാർ)**
17. ജ്യൂസ് കടകളിലും, തട്ടുകടകളിലും ഗ്ലാസ് കൃത്യമായി അണുനശീകരണം നടത്തണം എന്ന് നാം നേരത്തെ പറഞ്ഞിരുന്നതാണ്. എന്നാൽ കൂടുതൽ സൗകര്യപ്രദം ഡിസ്പോസബിൾ ഗ്ലാസ് ഉപയോഗിക്കുന്നതാണ്. അതിനുള്ള നിർദ്ദേശം നൽകാവുന്നതാണ്. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്, ജില്ലാ കളക്ടർമാർ)**
18. വ്യാപാരസ്ഥാപനങ്ങൾ ഇടയ്ക്ക് അണുവിമുക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്, ജില്ലാ കളക്ടർമാർ)**
19. ലോറി ഡ്രൈവർമാർ കേരളത്തിലെത്തുമ്പോൾ അവരുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ ആവശ്യമാണ്. **(ചുമതല - ആഭ്യന്തര വകുപ്പ്)**
20. തമിഴ്നാട്ടിൽ നിന്ന് വരുന്ന തൊഴിലാളികൾ കൂടുതൽ പേർ എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏഴ് ദിവസത്തോളം അവരെ നിരീക്ഷണത്തിൽ പാർപ്പിച്ച ശേഷം പരിശോധന നടത്തി രോഗം ഇല്ലെന്ന് ഉറപ്പു വരുത്തി ജോലിക്കായി അയക്കാവുന്നതാണ്. **(ചുമതല - ആരോഗ്യ, തദ്ദേശസ്വയംഭരണ, ആഭ്യന്തര വകുപ്പ്, ജില്ലാ കളക്ടർമാർ)**
21. പ്രധാന തെരുവുകളിൽ പോലീസ് പിക്കറ്റ് പോസ്റ്റിങ്ങ് പോലീസ് ഏർപ്പെടുത്തുന്നത് നന്നാവും. **(ചുമതല - ആഭ്യന്തര വകുപ്പ്)**
22. ഇതുകൂടാതെ ഐഎംഎ കൂടുതൽ ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ഹോട്ട്സ്പോട്ടുകളിൽ നിന്നും കണ്ടയിന്മെന്റ് സോണുകളിൽ നിന്നുമുള്ള യാത്ര വിലക്കണമെന്നും അവർ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. ഇത് പ്രായോഗികമാക്കാൻ ബുദ്ധിമുട്ടാണെങ്കിലും നല്ലതാണ്.ഇത് പരിശോധിക്കണം. **(ചുമതല - ആരോഗ്യ, തദ്ദേശസ്വയംഭരണ, ആഭ്യന്തര വകുപ്പ്)**
23. കണ്ടയിന്മെന്റ് സോണുകളിലും ഹോട്ട്സ്പോട്ടുകളിലും നിന്നുള്ളവർക്ക് പ്രത്യേക പ്രോട്ടോകോൾ ആക്കണമെന്ന പ്രതിപക്ഷ നേതാവിന്റെ നിർദ്ദേശം സ്വീകരിക്കാവുന്നതാണ്. ഇതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. **(ചുമതല - ആരോഗ്യ, പൊതുഭരണ, ആഭ്യന്തര വകുപ്പ്, ജില്ലാ കളക്ടർമാർ)**
24. പോർട്ടലിൽ രജിസ്റ്റർ ചെയ്യാതെ വരുന്നവർക്ക് നല്ല പിഴ ഈടാക്കേണ്ടതാണ്. ഇവരെ 28 ദിവസത്തെ ക്വാറന്റയിനിൽ ഏർപ്പെടുത്താനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. **(ചുമതല - പൊതുഭരണ വകുപ്പ്, ജില്ലാ കളക്ടർമാർ)**

25. തമിഴ്നാട്ടിൽനിന്നും നിർമ്മാണ തൊഴിലാളികൾ അവിടത്തെ ഐഡന്റിറ്റി കാർഡ് ഉപയോഗിച്ച് കേരളത്തിലേക്ക് കടക്കാൻ പാസ്സ് നേടിയതായി വിവരം ലഭിച്ചിട്ടുണ്ട്. ഇത് പരിശോധിക്കണം. **(ചുമതല - ആഭ്യന്തര വകുപ്പ്, ജില്ലാ കളക്ടർമാർ)**
26. അതിഥി തൊഴിലാളികൾ സ്വയം സംഘടിച്ച് പ്രശ്നങ്ങളുണ്ടാകുന്നത് ശ്രദ്ധയിൽപ്പെടുന്നുണ്ട്. അത് നിരുത്സാഹപ്പെടുത്തണം. **(ചുമതല - തദ്ദേശസ്വയംഭരണ, ആഭ്യന്തര വകുപ്പ്, ജില്ലാ കളക്ടർമാർ)**
27. അതിഥി തൊഴിലാളികളെ കൊണ്ടു വരുന്ന കോൺട്രാക്ടർമാർ പ്രൈവറ്റ് ലാബുകളിൽ പരിശോധന നടത്തി അവർക്ക് രോഗമില്ല എന്ന് ഉറപ്പുവരുത്തിയതിനു ശേഷം മാത്രമേ ജോലികൾക്ക് ഉപയോഗിക്കാൻ പാടുള്ളൂ. **(ചുമതല - തദ്ദേശസ്വയംഭരണ, ആഭ്യന്തര വകുപ്പ്, ജില്ലാ കളക്ടർമാർ)**
28. റെഡ് സോണുകളിൽ നിന്ന് വരുന്നവർക്ക് ചെക്പോസ്റ്റുകളിൽ പ്രത്യേക കൗണ്ടർ ഏർപ്പാടാക്കേണ്ടതാണ്. **(ചുമതല - റവന്യൂ, ആരോഗ്യ, ആഭ്യന്തര, വകുപ്പ്, ജില്ലാ കളക്ടർമാർ)**
29. എടിഎം കൗണ്ടറുകളിൽ സാനിറ്റൈസറുകൾ ആവശ്യത്തിന് ഇല്ല എന്ന് വിവരമുണ്ട്. ഇത് പരിശോധിക്കേണ്ടതാണ്. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്, ലീഡ് ബാങ്ക് മാനേജർ)**
30. പൂൾ ടെസ്റ്റിംഗ് സാധ്യമായ സ്ഥലങ്ങളിൽ നടപ്പാക്കുന്നത് നാം ആലോചിക്കേണ്ടതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്)**
31. ഹോസ്റ്റലുകളുടെ കാര്യം നമുക്ക് പിന്നീട് ആലോചിച്ചു തീരുമാനിക്കാം. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്, ജില്ലാ കളക്ടർമാർ)**
32. രണ്ട് സംസ്ഥാനങ്ങളിൽ ജോലിക്കായി ദിവസവും പോകേണ്ടവർക്ക് കുറച്ച് ദിവസത്തേക്ക് പാസ്സ് കൊടുക്കുന്നത് സഹായകരമാകും. ഇത് പരിശോധിക്കേണ്ടതാണ്. **(ചുമതല - ആഭ്യന്തര, പൊതുഭരണ വകുപ്പ്)**
33. പരോൾ കഴിഞ്ഞ് തിരിച്ച് ജയിലിലേക്ക് വരുന്നവർക്ക് പരിശോധന നടത്തുന്നത് സംബന്ധിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ട്. അതനുസരിച്ച് മുന്നോട്ട് പോകാവുന്നതാണ്. **(ചുമതല - ആഭ്യന്തര വകുപ്പ്)**
34. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ രോഗസാധ്യതയുള്ള ആൾക്കാരെ പരിശോധന നടത്താം എന്ന കാര്യം നല്ലതാണ്. ഇത് പ്രാവർത്തികമാക്കുന്നത് പരിശോധിക്കേണ്ടതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്, ജില്ലാ കളക്ടർമാർ)**
35. വാഹനങ്ങൾ ലഭ്യമല്ലാത്ത പ്രാഥമികാരോഗ്യകേന്ദ്രങ്ങൾക്ക് അത് ഒരുക്കി കൊടുക്കാനായി പഞ്ചായത്തുകൾ നടപടി സ്വീകരിക്കേണ്ടതാണ്. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്)**
36. മൊബൈൽ സ്വാബ് കളക്ഷൻ സെന്ററുകൾ ആരംഭിക്കുന്നത് നന്നാവും. **(ചുമതല - ആരോഗ്യ, തദ്ദേശസ്വയംഭരണ വകുപ്പ്)**
37. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് ലഭ്യമല്ലാത്തത് സംബന്ധിച്ച റിപ്പോർട്ടുകളുണ്ട്. ഇവരുടെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കേണ്ടതാണ്. **(ചുമതല - തദ്ദേശസ്വയംഭരണ, ധനകാര്യ വകുപ്പ്)**
38. രോഗ നിയന്ത്രണ കാര്യങ്ങളിൽ നമുക്ക് കുറച്ചു കൂടി ഗൗരവം ആവശ്യമാണ്. ഇത് സംബന്ധിച്ച് പോലീസിൽ കാര്യക്ഷമമായ ഇടപെടൽ വേണം. **(ചുമതല - ആരോഗ്യ, തദ്ദേശസ്വയംഭരണ, ആഭ്യന്തര വകുപ്പ്)**
39. ഒഴിഞ്ഞുകിടക്കുന്ന വീടുകൾ ക്വാറന്റൈൻ ആയി ഉപയോഗിക്കാം. **(ചുമതല - പൊതുഭരണം, ബന്ധപ്പെട്ട വകുപ്പ്)**

അടുത്ത മീറ്റിംഗ് നമുക്ക് വെള്ളിയാഴ്ച നടത്താവുന്നതാണ് .

യോഗം 4 35 ന് അവസാനിച്ചു

## അനുബന്ധം 1

അദ്ധ്യക്ഷൻ: ബഹു. മുഖ്യമന്ത്രി

പങ്കെടുത്തവർ:

1. ബഹു. ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി
2. ചീഫ് സെക്രട്ടറി
3. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
4. സ്റ്റേറ്റ് പോലീസ് ചീഫ്
5. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
6. അഡീഷണൽ ചീഫ് സെക്രട്ടറി കാർഷിക വികസനം
7. അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ്
8. അഡീഷണൽ ചീഫ് സെക്രട്ടറി വനം വകുപ്പ്
9. അഡീഷണൽ ചീഫ് സെക്രട്ടറി ലേബർ വകുപ്പ്
10. അഡീഷണൽ ചീഫ് സെക്രട്ടറി പൊതുമരാമത്ത് വകുപ്പ്
11. ഡയറക്ടർ ജനറൽ ഫയർ ആന്റ് റസ്ക്യൂ
12. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
13. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം
14. പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതം വകുപ്പ്
15. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
16. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
17. അഡീഷണൽ ഡി ജി പി ഇന്റലിജൻസ്
18. സെക്രട്ടറി, ധനകാര്യം
19. സെക്രട്ടറി, ഊർജ്ജ വകുപ്പ്
20. സെക്രട്ടറി, ടൂറിസം വകുപ്പ്
21. സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ്
22. സെക്രട്ടറി, വ്യവസായ വകുപ്പ്
23. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
24. മുഖ്യമന്ത്രിയുടെ സെക്രട്ടറി
25. ചെയർ പേഴ്സൺ, എക്സ്പെർട്ട് കമ്മിറ്റി
26. ഡി ജി ഇ, തിരുവനന്തപുരം
27. മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി
28. മറ്റുള്ളവർ